St. Berchmans College Autonomous
Changanassery, Kottayam Dist. Kerala-686101

മലയാളം ബിരുദാനന്തരബിരുദ ഗവേഷണ വിഭാഗം
Post Graduate & Research Department of Malayalam

## എസ്.ബി കോളജിൽ ഗവേഷകസംഗമം
### പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

ചങ്ങനാശ്ശേരി: എസ്.ബി കോളജ് പ്രൊഫ. ഉലഹന്നൻ മാപ്പിള മലയാള ഗവേഷണവിഭാഗം സംഘടിപ്പിക്കുന്ന ഗവേഷക സംഗമത്തിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. **പ്രാചീന-മധ്യകാല കൃതികൾ: സാഹിത്യവും ചരിത്രവും** എന്നതാണ് ഈ വർഷത്തെ പ്രമേയം.

ക്രിസ്തുവർഷം പതിനെട്ടാം നൂറ്റാണ്ടുവരെ കേരളഭാഷയിൽ എഴുതപ്പെട്ട ഗദ്യപദ്യകൃതികൾ ഒറ്റയ്ക്കോ പ്രസ്ഥാനാധിഷ്ഠിതമായോ തെരഞ്ഞെടുത്ത് പഠനത്തിനു വിധേയമാക്കാം. ഭാഷ, സാഹിത്യം, ചരിത്രം, സംസ്കാരപഠനം, സാമൂഹ്യശാസ്ത്രം, കലാപഠനം തുടങ്ങിയ മേഖലകളിലെ സൈദ്ധാന്തിക സങ്കല്പനങ്ങൾ സ്വീകരിക്കാം. ഗവേഷണരീതിശാസ്ത്രം മുൻനിർത്തി മലയാളത്തിൽ വേണം പ്രബന്ധങ്ങൾ തയ്യാറാക്കാൻ. സൂക്ഷ്മപരിശോധനയിൽ അവതരണാനുമതി ലഭിക്കുന്ന പ്രബന്ധങ്ങൾ 2018 സെപ്റ്റംബർ 17നു ഉലഹന്നൻമാപ്പിള ഗവേഷണകേന്ദ്രത്തിൽ നടക്കുന്ന ഗവേഷക സംഗമത്തിൽ പങ്കെടുത്ത് അവതരിപ്പിക്കണം. സർവകലാശാലകളിലോ അഫിലിയേറ്റഡ് കോളജുകളിലോ ഭാഷ, സാഹിത്യം, ചരിത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ പി.എച്ച്.ഡി/എംഫിൽ ഗവേഷണം നടത്തുന്ന 35 വയസിൽ താഴെ പ്രായമുള്ള ഗവേഷകർക്ക് പങ്കെടുക്കാം.

ഒന്നാം സ്ഥാനം നേടുന്ന ഗവേഷകന് 10,000 രൂപ കാഷ് അവാർഡും പ്രശസ്തിപത്രവും അടങ്ങുന്ന ഗവേഷകപുരസ്കാരം നല്കും. അവതരണാനുമതി ലഭിക്കുന്ന ഗവേഷകർക്ക് ഓരോരുത്തർക്കും 1500 രൂപ കാഷ് പ്രൈസും സർട്ടിഫിക്കറ്റും നല്കും. പ്രബന്ധങ്ങൾ ബർക്കുമാൻസ് പ്രസ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും.

സ്ഥാപനമേധാവിയുടെ/ഗവേഷണമാർഗദർശിയുടെ സാക്ഷ്യപത്രം, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, ബയോഡേറ്റ, പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ പ്രബന്ധത്തോടൊപ്പം അയയ്ക്കണം. പ്രബന്ധങ്ങൾ 2018 ആഗസ്റ്റ് 31നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ ലഭിക്കണം.

**കൺവീനർ, ഗവേഷകസംഗമം – 2018, മലയാളവിഭാഗം,**
**എസ്.ബി കോളജ്, ചങ്ങനാശ്ശേരി – 1.**

**ഡോ. ജോസഫ് സ്കറിയ**
ഡയറക്ടർ
ഉലഹന്നൻമാപ്പിള മലയാള ഗവേഷണകേന്ദ്രം

**ഡോ. പി. ആന്റണി**
അധ്യക്ഷൻ, മലയാളവിഭാഗം

9895521444, 9744144427 www.sbcollege.ac.in malayalam@sbcollege.ac.in